**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 265 | 10.12.2012 - ൽ മറുപടിയ്ക്ക്

**'വിംസി' ലെ ജീവനക്കാർക്കെതിരെ നടന്ന അതിക്രമത്തിൽ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | നാദാപുരം നിയോജകമണ്ഡലത്തിലെ സ്വകാര്യ ആശുപത്രിയായ വിംസിലെ ജീവനക്കാർക്ക് നേരെ നടന്ന അതിക്രമത്തിൽ പോലീസ് എന്തൊക്കെ നടപടി സ്വീകരിച്ചു; | (എ) | നാദാപുരം നിയോജകമണ്ഡലത്തിലെ സ്വകാര്യ ആശുപത്രിയായ വിംസിലെ ജീവനക്കാർക്ക് നേരെ അതിക്രമം കാട്ടിയത് സംബന്ധിച്ച് നാദാപുരം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 532/2012 u/s 323, 307, 35! r/w 34 IPC & Sec. 3 r/w 4 of Kerala Health Care Persons and Health Care Institutions (Prevention of damages of property) Act 2012 പ്രകാരം ഒരു ക്രൈം കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തി വരികയും ചെയ്യുന്നു. കേസിൽ പ്രതികളായ 1.അഷ്കർ, 2. അബ്ദുള്ള, 3. റഷീദ് @ അഹമ്മദ് എന്നിവരിൽ ഒന്നും രണ്ടും പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ബഹു: ഹൈക്കോടതിയിൽ നിന്നും മുൻകൂർ ജാമ്യം നേടിയ പ്രതികളെ കോടതി ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രതികൾക്ക് മുൻകൂർ ജാമ്യം ലഭിക്കാനിടയായതിൽ പോലീസിന്റെ അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നത് ? | (സി) | ആശുപത്രിയിൽ അതിക്രമം കാട്ടിയവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ആശുപത്രികൾ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ പ്രത്യേക പോലീസ് നിരീക്ഷണവും പോലീസ് പിക്കറ്റ്, പോലീസ് പെട്രോളിംഗും ഉൾപ്പെടെയുള്ള പോലീസ് സാന്നിദ്ധ്യം ഉറപ്പു വരുത്തി വരുന്നു. |

Josphlti

സെക്ഷൻ ഓഫീസർ